**കേരള സർക്കാർ**

നം. EL2/14/2025-ELEC
ഇലക്ഷൻ (ജനറൽ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 18-03-2026

<u>സർക്കുലർ</u>

വിഷയം:- ഇലക്ഷൻ വകുപ്പ് - തിരഞ്ഞെടുപ്പ് ചുമതലകൾക്ക് ORDER സോഫ്റ്റ് വെയർ മുഖേനയുള്ള പോളിംഗ് ഉദ്യോഗസ്ഥരുടെ വിന്യാസം -നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്.

സൂചന:- ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യയുടെ 16/03/2026-ലെ Proceedings No. 464/SS-II/KL-LA/2026

2026-ലെ നിയമസഭാ തിരഞ്ഞെടുപ്പിനായി ഉദ്യോഗസ്ഥരെ നിയമിക്കുന്നത് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ തയ്യാറാക്കിയിട്ടുള്ള ORDER സോഫ്റ്റ് വെയർ മുഖേനയാണ്. Handbook for Returning Officer 2023-ലെ ഖണ്ഡിക 3.3 പ്രകാരം ചില വിഭാഗങ്ങളിലുള്ള ജീവനക്കാരെ തിരഞ്ഞെടുപ്പ് ചുമതലകളിൽ നിന്നും ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ ഒഴിവാക്കിയിട്ടുണ്ട്. അതോടൊപ്പം മതിയായ കാരണങ്ങളാൽ പോളിംഗ് ഡ്യൂട്ടി ചെയ്യാനാകാത്ത സാഹചര്യം ഒരു ജീവനക്കാരനുണ്ടെങ്കിൽ സ്ഥാപനങ്ങളുടെ ഡാറ്റാ എൻട്രി സമയത്ത് തന്നെ കാരണം വ്യക്തമാക്കുന്നതിനുള്ള അവസരം ORDER സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം നൽകുന്ന വിവരങ്ങളുടെ കൃത്യത അനുബന്ധ രേഖകളും ഓഫീസ് രേഖകളും പരിശോധിച്ച് ഉറപ്പുവരുത്തേണ്ടത് സ്ഥാപനത്തിന്റെ മേധാവിയുടെയും നോഡൽ ഓഫീസറുടെയും ഉത്തരവാദിത്തമാണ്. ഇതിനു പുറമെ ചില വിഭാഗം ജീവനക്കാരെക്കൂടി തിരഞ്ഞെടുപ്പ് ചുമതലകളിൽ നിന്നും ഒഴിവാക്കേണ്ടതുണ്ടെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ക്രമീകരണങ്ങൾ വരുത്തുന്നു.

ഗുരുതരമായ ആരോഗ്യ കാരണങ്ങളാൽ ഡ്യൂട്ടി ചെയ്യാൻ സാധിക്കാത്ത ജീവനക്കാർ മെഡിക്കൽ സർട്ടിഫിക്കറ്റും മറ്റ് അനുബന്ധ രേഖകളും സഹിതവും, പങ്കാളികൾക്ക് ഇരുവർക്കും പോളിംഗ് ഡ്യൂട്ടി ലഭിച്ചിട്ടുള്ള പക്ഷം അതിൽ ആവശ്യമെങ്കിൽ ഒരാളെ ഒഴിവാക്കുന്നതിന് നിയമന ഉത്തരവുകൾ സഹിതവും, തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശ പ്രകാരം ഒഴിവാക്കപ്പെട്ട വിഭാഗത്തിൽപ്പെടുന്നവർക്ക് നിയമനം ലഭിക്കുന്ന പക്ഷം നിയമന ഉത്തരവ് സഹിതവും ജില്ലാ

തിരഞ്ഞെടുപ്പ് ഓഫീസറുടെ (ജില്ലാ കളക്ടർ) നിയന്ത്രണത്തിലുള്ള District ORDER Cell-ൽ, നിയമന ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള പരിശീലന തീയതിയ്ക്ക് മുൻപായി, പോളിംഗ് ഡ്യൂട്ടിയിൽ നിന്ന് ഒഴിവാക്കുന്നതിനായി, ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള നിശ്ചിത പ്രഫോർമയിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ജില്ലാ ORDER Cell-ന്റെ ഘടന താഴെപ്പറയും പ്രകാരമായിരിക്കും.

1. **ചെയർമാൻ** - ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ അല്ലെങ്കിൽ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ ചുമതലപ്പെടുത്തുന്ന സബ് കളക്ടർ
2. **അംഗങ്ങൾ**
    1. ജില്ലാ മെഡിക്കൽ ഓഫീസർ അല്ലെങ്കിൽ ജില്ലാ മെഡിക്കൽ ഓഫീസർ ചുമതലപ്പെടുത്തുന്ന മെഡിക്കൽ ഓഫീസർ
    2. ഇലക്ഷൻ മാൻപവർ മാനേജ്മെന്റിന്റെ ജില്ലാ നോഡൽ ഓഫീസർ
    3. ORDER സോഫ്റ്റ് വെയറിന്റെ ജില്ലാ നോഡൽ ഓഫീസർ
    4. ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ

സെല്ലിന് മുമ്പാകെ ലഭിക്കുന്ന അപേക്ഷകൾ അനുബന്ധ രേഖകളുടെ അടിസ്ഥാനത്തിൽ കൃത്യമായി പരിശോധിക്കേണ്ടതും അടുത്ത ഘട്ടം റാൻഡമൈസേഷനു മുൻപായി തന്നെ തീരുമാനം കൈക്കൊള്ളേണ്ടതും ഈ വിവരം അതത് ദിവസം വൈകുന്നേരം ആറ് മണിയ്ക്ക് മുൻപായി ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസറുടെ ഓഫീസിലെ നോട്ടീസ് ബോർഡിലും വെബ് സൈറ്റിലും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ വെബ് സൈറ്റിലും (www.ceo.kerala.gov.in) പ്രസിദ്ധീകരിക്കേണ്ടതുമാണ്. നിശ്ചിത സമയപരിധിയ്ക്കകം ലഭിക്കുന്ന മുഴുവൻ അപേക്ഷകളും സമയബന്ധിതമായി പരിശോധിച്ച് തീരുമാനം കൈക്കൊള്ളേണ്ടതാണ്. അംഗങ്ങൾ ഒപ്പുവച്ച കമ്മിറ്റിയുടെ തീരുമാനം പ്രത്യേകം ഫയലാക്കി ജില്ലാ തിരഞ്ഞെടുപ്പ് വിഭാഗത്തിൽ സൂക്ഷിക്കേണ്ടതാണ്. മുകളിൽ പറഞ്ഞത് കൂടാതെ അടിയന്തരവും അപ്രതീക്ഷിതവുമായ സാഹചര്യങ്ങളിൽ പോളിംഗ് ഡ്യൂട്ടി ലഭിച്ച ഉദ്യോഗസ്ഥനെ ഒഴിവാക്കുന്നതിന് സ്ഥാപന മേലധികാരി / നോഡൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ അപേക്ഷ District ORDER Cell മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

പല ഓഫീസ് മേധാവികളുടെയും/ നോഡൽ ഓഫീസർമാരുടെയും ഭാഗത്തുനിന്നും ജീവനക്കാരുടെ വിവരങ്ങൾ ചേർക്കുന്നതിൽ ബോധപൂർവ്വമായ വീഴ്ച വരുത്തുന്നതായി

ശ്രദ്ധയിപ്പെട്ടിട്ടുള്ളതിനാൽ ഇക്കാര്യം ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ അടിയന്തരമായി ഗ്രാമ പഞ്ചായത്ത്/ മുൻസിപ്പൽ/ മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാരുടെ സഹായത്തോടെ പരിശോധിക്കേണ്ടതും പ്രസ്തുത വീഴ്ച വരുത്തിയ സ്ഥാപനങ്ങളുടെ മേലധികാരി/ നോഡൽ ഓഫീസർ-മാർക്ക് എതിരെ ജനപ്രാതിനിധ്യ നിയമ പ്രകാരം നടപടി ആരംഭിക്കേണ്ടതും സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്.

ഡോ.രത്തൻ യു കേൽകർ ഐ എ എസ്
CHIEF ELECTORAL OFFICER &
SECRETARY

ഉത്തരവിൻ പ്രകാരം

Signed by
Shivlal R V
Date: 18-03-2026 14:10:33
സെക്ഷൻ ഓഫീസർ.

പകർപ്പ്

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും.
സെക്രട്ടറി, കേരള നിയമസഭ
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
സംസ്ഥാനത്തെ എല്ലാ കേന്ദ്ര സർക്കാർ ഓഫീസുകൾക്കും.
എല്ലാ വകുപ്പ് മേധാവികൾക്കും
എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർമാർക്കും (District ORDER Cell രൂപീകരിച്ചുകൊണ്ടുള്ള നടപടിക്രമത്തിന്റെ പകർപ്പ് 19.03.2026 വൈകുന്നേരം അഞ്ച് മണിയ്ക്ക് മുൻപായി ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്).
എല്ലാ വരണാധികാരികൾക്കും, ഉപവരണാധികാരികൾക്കും.
എല്ലാ യൂണിവേഴ്സിറ്റി രജിസ്ട്രാർമാർക്കും
എല്ലാ കേന്ദ്ര / സംസ്ഥാന സർക്കാർ പൊതുമേഖലാ സ്ഥാപന മേധാവികൾക്കും
എല്ലാ ഗ്രാമ പഞ്ചായത്ത്/ മുൻസിപ്പൽ/ മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ മുഖേന)
വെബ് & ന്യൂ മീഡിയ ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

അനുബന്ധം

# മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ കാര്യാലയം, കേരളം

## കേരള നിയമസഭയിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പ്, 2026

## തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിൽ നിന്ന് ഒഴിവാക്കപ്പെടുന്നതിനുള്ള അപേക്ഷ

**ജില്ല:**..................................................

| | | | |
|---|---|---|---|
| 1. | അപേക്ഷകയുടെ /അപേക്ഷകന്റെ പേര് | : | |
| 2. | PEN/ Employee Code | : | | | | | | | | | | | |
| 3. | തസ്തിക | : | |
| 4. | വകുപ്പ്/ ഓഫീസ്/ സ്ഥാപനം | : | |
| 5. | തിരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ് നം. (EPIC) | | |
| 6 | മൊബൈൽ ഫോൺ നം. | | |
| 7. | നിയമന ഉത്തരവിന്റെ നമ്പരും തീയതിയും | : | |
| 8. | നിയമനം ലഭിച്ച നിയമസഭാ മണ്ഡലത്തിന്റെ പേരും നമ്പരും | : | |
| 9. | മുൻ കാലങ്ങളിൽ ലോക് സഭാ/ നിയമസഭാ തിരഞ്ഞെടുപ്പ് ഡ്യൂട്ടി നിർവ്വഹിച്ചിട്ടുണ്ടോ: ഉണ്ടെങ്കിൽ ഏത് തരം ചുമതല (RO/ ARO സ്റ്റാഫ്, പ്രിസൈഡിംഗ് ഓഫീസർ, പോളിംഗ് ഓഫീസർ, സെക്ടർ ഓഫീസർ, സ്ക്വാഡ്) | : | |
| 10. | ഒഴിവാക്കുന്നതിനുള്ള കാരണം* | : | |

10 (i). ആരോഗ്യപരമായ കാരണം കൊണ്ടാണെങ്കിൽ ചികിത്സയുടെ വിവരം* :

10(ii). പങ്കാളിയ്ക്ക് തിരഞ്ഞെടുപ്പ് ഡ്യൂട്ടി ലഭിച്ചതാണ് കാരണമെങ്കിൽ പങ്കാളിയുടെ നിയമന ഉത്തരവിന്റെ നമ്പരും തീയതിയും മണ്ഡലവും* :

## സത്യപ്രസ്താവന

മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം സത്യവും ശരിയുമാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

**തീയതി:**

**അപേക്ഷകയുടെ / അപേക്ഷകന്റെ**
**ഒപ്പും പേരും പെൻ/ എംപ്ലോയ് കോഡും**

**ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുക.*

*ഈ അപേക്ഷ തിരഞ്ഞെടുപ്പ് ഡ്യൂട്ടി ലഭിച്ച ജില്ലയിലെ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ മുമ്പാകെയാണ് സമർപ്പിക്കേണ്ടത്.*

| (ഓഫീസ് ആവശ്യത്തിന്) |
| --- |
| **Decision of District ORDER Cell** |
| |
| *Date:* |